കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചൊക്ലി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് – 2016-17

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - lfaddistofficeknr@gmail.com.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.9/1530/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ - doknr.ksad@kerala.gov.in
ഫോൺ - 04972-707698
തീയതി – 19.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

ചൊക്ലി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചൊക്ലി ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ചൊക്ലി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം ( e-mail )
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം )
3. കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.9/1530/2017 തീയ്യതി :19-09-2017

## കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആമുഖം

കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 22-12-2016 മുതൽ 15-8-2017 വരെ വിവിധ

ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി നൽകിയ 25 അന്വേഷണക്കുറിപ്പുകൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 16-8-2017 മുതൽ 24-8-2017 വരെ | ശ്രീ. സി.വി. ജ്യോതിഷ് കുമാർ | ഓഡിറ്റ് ഓഫിസർ |
| | ശ്രീമതി. ഉഷ. എ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ |
| | ശ്രീമതി. വിപിന വൽസരാജ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. വി. കെ. രാകേഷ് | 1-4-2016 മുതൽ 31-3-2017 വരെ |
| സെക്രട്ടറി | ശ്രീ. എം. ശശി | 1-4-2016 മുതൽ 31-3-2017 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ദിലീഷ്. കെ. | 1-4-2016 മുതൽ 31-3-2017 വരെ |
| കൃഷി ഓഫീസർ | ശ്രീ. അനിൽകുമാർ | 1-4-2016 മുതൽ 29-1-2017 വരെ |
| | ശ്രീ. അപർണ്ണ. എസ്. | 30-1-2017 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ. 1 | ശ്രീ. മധുസൂതനൻ. | 1-4-2016 മുതൽ 22-6-2016 വരെ |

| | | |
|---|---|---|
| | ശ്രീ. ശ്രീജേഷ്. ടി | 23-6-2016 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ. 2 | ശ്രീമതി. രജി ളുണോളി. | 1-4-2016 മുതൽ 31-3-2017 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. റോസ്മേരി ഡോക്കൻ | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ. അമൃതകല. കെ. | 1-4-2016 മുതൽ 31-3-2017 വരെ |
| വെറ്റിനറി സർജൻ | ഡോ. ചന്ദ്രശേഖരൻ. | 1-4-2016 മുതൽ 31-3-2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ടി.പി. മുസ്തഫ. | 1-4-2016 മുതൽ 7-9-2016 വരെ |
| | ശ്രീ. കെ.കെ. സൂര്യകാന്ത്. | 8-9-2016 മുതൽ 31-3-2017 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം 1 പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |

| | | | |
|---|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | സംയുക്ത പ്രോജക്ടുകൾക്കൾക്കായും വിവിധ ഗ്രാന്റുകൾ മുഖേനയായും ലഭിക്കുന്ന തുകകൾ മുഴുവനായി വിനിയോഗിക്കപ്പെടുന്നില്ല | 1-11 | |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | കൃഷി ഓഫീസർ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിലെ അപാകങ്ങൾ | 2-1 | |
| 13 | വെറ്ററിനറി സർജൻ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിലെ അപാകങ്ങൾ | 2-2 | |
| 14 | വസ്തുനികുതിയിൽ ഇളവ് നൽകുമ്പോൾ സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കുന്നില്ല | 2-3 | |
| 15 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-4 | |
| 16 | ഡി&ഒ ലൈസൻസ് നൽകൽ-അപാകങ്ങൾ | 2-5 | |
| 17 | ഡി & ഒ ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം : ചട്ടലംഘനത്തിന് പിഴ ഈടാക്കേണ്ടതാണ് | 2-6 | |
| 18 | പ്ലാസ്റ്റിക് ക്യാരി ബാഗ് ഉപയോഗം നിയന്ത്രിക്കാനുള്ള നടപടികളില്ല | 2-7 | |
| 19 | പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു | 2-8 | |
| 20 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ -വിവരങ്ങൾ അപൂർണ്ണം | 2-9 | |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 19 | സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചില്ല ₹16500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-1 | |
| 20 | വിതരണ രേഖകൾ, ഗുണഭോക്തൃ ലിസ്റ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല ₹3,65,100യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-2 | |

| | | | |
|---|---|---|---|
| 21 | ആട്ട വിതരണം - നിർവ്വഹണത്തിലെ അപാകങ്ങൾ ₹93500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-3 | |
| 22 | കിടാരി വിതരണം നിർവ്വഹണത്തിലെ അപാകങ്ങൾ ₹75000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 | |
| 23 | മഴക്കാല പൂർവ്വ ശുചീകരണം - മോണിറ്ററിംഗ് റിപ്പോർട്ട്, വാല്യേഷൻ റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല ₹170000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-5 | |
| 24 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - അപാകങ്ങൾ ₹493592 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-6 | |
| 25 | IKM ന് ഫണ്ട് അനുവദിക്കൽ - തുകയുടെ കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല | 3-7 | |
| 26 | വൈശ്യൻകണ്ടി രാജൻ പീടിക ചിറക്കര വീട്ടിൽ റോഡ് സോളിംഗ് കരാറുകാരന് അധികം നൽകിയ ₹3554 യുടെ ചെലവ് അംഗീകരിക്കുന്നില്ല | 3-8 | |
| 27 | തലശ്ശേരി പെരിങ്ങത്തൂർ റോഡിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3-9 | |
| 28 | സമ്പൂർണ്ണ വൈദ്യുതീകരണം കെ.എസ്.ഇ.ബി ക്ക് വിഹിതം കൈമാറൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-10 | |
| 29 | അംഗനവാടികൾക്ക് വൈദ്യുതി കണക്ഷൻ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-11 | |
| 30 | അംഗൻവാടി പോഷകാഹാരം -ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്. | 3-12 | |
| 31 | തെരുവ് വിളക്ക് വൈദ്യുതി ചാർജ് - ആധികാരികത ഉറപ്പ് വരുത്തേണ്ടതാണ് | 3-13 | |

| | | | |
|---|---|---|---|
| 32 | പെയിൻ &പാലിയേറ്റീവ് ചെലവുകളിലെ അപാകങ്ങൾ | 3-14 | |
| 33 | ഖരമാലിന്യ ശേഖരണവും, നിർമ്മാർജനവും സംവിധാനം ഒരുക്കൽ പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ | 3-15 | |
| 34 | നിരാലംബരായ വനിതകൾക്ക് ഭവനം - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല | 3-16 | |
| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 38 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 40 | ഓഡിറ്റ് റിക്കവറി | 4-6 | |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | അനുബന്ധങ്ങൾ | | |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 | |
| 45 | റസീറ്റ് & പെയ്മെന്റ് സ്റ്റെയിറ്റ്മെന്റ് | അനുബന്ധം2 | |
| 46 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റെയിറ്റ്മെന്റ് | അനുബന്ധം3 | |
| 47 | ബാലൻസ് ഷീറ്റ് | അനുബന്ധം4 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബജറ്റ് 22-2-2016 ലെ 28/16 -ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 29-3-2017 ലെ 40/17 -ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരമുള്ളത് ₹ | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് ₹ | വാർഷിക കണക്ക് പ്രകാരമുള്ളത് ₹ | വ്യത്യാസം | | |
|---|---|---|---|---|---|---|
| | | | | കൂടുതൽ | കുറവ് | ശതമാനം (+)/(-) |
| മുന്നിരിപ്പ് | 37483877.05 | 19413580.05 | 21731683.99 | - | 2318103.94 | (-)11.94 |
| വരവ് | 88948550 | 84052269 | 38817876.00 | - | 45234393.00 | (-)53.82 |
| ആകെ | 126432427.05 | 103465849.05 | 60549559.99 | - | 42916289.06 | (-)41.48 |
| ചെലവ് | 119450250 | 72222295 | 35815098.00 | - | 36407197 | (-)50.41 |
| നീക്കിയിരിപ്പ് | 6982177.05 | 31243554.05 | 24734461.99 | - | 6509092.06 | (-)20.83 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 6-7-2017 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ തരം |
|---|---|---|
| 2016-17 | 24-8-2017 | വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം |

വാർഷിക ധനകാര്യ പത്രികയിൽ താഴെപ്പറയും പ്രകാരം അപാകങ്ങളുണ്ട്.

1. വികസനഫണ്ട് പൊതുവിഭാഗം ഇനത്തിൽ ആകെ അലോട്ട്മെന്റ് തുക വാർഷിക ധനകാര്യ പത്രികയിലെ RP-31പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.
2. സാംഖ്യ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്, കലക്ഷൻ, ബാലൻസ് തുകകൾ സഞ്ചയയിൽ നിലവിലുള്ള ഡിമാന്റ്, കലക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. B-18 ഷെഡ്യൂളിൽ അഡ്വാൻസ് ടു അദേഴ്സ് എന്നയിനത്തിൽ ₹10,000 ബാലൻസുണ്ട്. തുകയുടെ വിശദവിവരങ്ങൾ ലഭ്യമല്ല.
4. B-12 ഷെഡ്യൂളിൽ ചൊക്ലി സർവ്വീസ് സഹകരണ ബാങ്കിലെ ഫിക്സഡ് ഡെപ്പൊസിറ്റായി കാണിച്ച തുകയിൽ തൻവർഷത്തെ പലിശയിനത്തിൽ ലഭിച്ച തുക കണക്കിലെടുത്തിട്ടില്ല.
5. ഡെപ്പൊസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ വിവിധ ഡെപ്പൊസിറ്റ് തുകകൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല
6. TSB അക്കൗണ്ട് വർഷാന്ത്യ റീകൺസിലിയേഷൻ നടത്തിയിട്ടില്ല. അതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.
7. വ്യാപാരികളുടെ തൊഴിൽ നികുതി വരവ് വാർഷിക ധനകാര്യ പത്രികയിലെ RP-43 ഷെഡ്യൂൾ പ്രകാരം ₹2,47,790യും തൊഴിൽനികുതി രജിസ്റ്റർ പ്രകാരം ₹2,64,210 യുമാണ്. 2015-16AFS പ്രകാരം മുൻകൂറായി പിരിച്ചത് ₹16,950യാണ് . ₹530യുടെ വ്യത്യാസമുണ്ട്.
8. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ B-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തിവിവരത്തിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 21731683.99 |
| വരവ് | 38817876.00 |
| ആകെ | 60549559.99 |
| ചെലവ് | 35815098.00 |
| നീക്കിയിരിപ്പ് | 24734461.99 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി ₹ | തൻവർഷത്തെ അലോട്ട്മെന്റ് തുക ₹ | ആകെ ₹ | ചെലവ് ₹ | ചെലവഴിക്കാത്ത തുക ₹ | ചെലവ് % |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതു വിഭാഗം) | ഇല്ല | 10725450 | 10725450 | 7666835 | 3058615 | 71.48 |
| വികസനഫണ്ട് (എസ്.സി.പി) | ഇല്ല | 1059927 | 1059927 | 961120 | 98807 | 90.68 |
| വികസനഫണ്ട്(ടി.എസ്.പി) | ഇല്ല | 10086 | 10086 | 10086 | 0 | 100 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | ഇല്ല | 5149002 | 5149002 | 3388405 | 1760597 | 65.81 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | ഇല്ല | 3659337 | 3659337 | 2652806 | 1006531 | 72.49 |
| ധനകാര്യ കമ്മീഷൻ അവാർഡ് | ഇല്ല | 6503304 | 6503304 | 2188738 | 4314566 | 33.66 |
| ലോകബാങ്ക്സഹായം | ഇല്ല | 2787723 | 2787723 | 1204324 | 1583399 | 43.2 |
| ബി. ഫണ്ട് | ഇല്ല | 923640 | 923640 | 923640 | 0 | 100 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 151.35 | 421278 | 421429.35 | 420223 | 1206.35 | 99.71 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ % |
|---|---|---|---|---|---|---|
| 140 | 49175747 | 89 | 23007153 | 0 | 51 | 63.57 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്കുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| സെക്രട്ടറി | 28 | 12 | 12890292 | 3145164 | 24.4 |
| അസിസ്റ്റന്റ് സെക്രട്ടറി | 16 | 14 | 1412013 | 1201206 | 85.07 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 56 | 32 | 21198472 | 9604403 | 45.31 |
| കൃഷി ഓഫീസർ | 8 | 8 | 1540970 | 1336323 | 86.72 |
| മെഡിക്കൽ ഓഫീസർ PHC | 5 | 5 | 1575000 | 1418413 | 90.02 |
| വെറ്ററിനറി സർജൻ | 6 | 5 | 1128500 | 830750 | 73.62 |
| വി.ഇ.ഒ 1 | 7 | 4 | 1551250 | 255240 | 16.45 |
| വി.ഇ.ഒ 2 | 9 | 4 | 4338800 | 1763592 | 40.65 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 3540450 | 3452062 | 97.5 |
| ആകെ | 140 | 89 | 49175747 | 23007153 | 46.79 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3556814 | 6183465 | 2626651 | (+)73.85 |
| നികുതിയേതര വരവുകൾ | 1322306 | 750805 | 57501 | (-)4.35 |
| മറ്റ് വരവുകൾ | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ആകെ | 4879120 | 6934270 | 2055150 | (+)42.12 |

## 1-8 ക്ഷേമപദ്ധതികൾ

2016-17വർഷം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 83640 | 50 |
| കർഷകതൊഴിലാളി പെൻഷൻ | 1819720 | 192 |
| വിധവാ പെൻഷൻ | 11570260 | 780 |
| വാർദ്ധക്യകാല പെൻഷൻ | 20457840 | 1613 |
| വികലാംഗ പെൻഷൻ | 2398615 | 222 |
| അവിവാഹിത പെൻഷൻ | 1696110 | 143 |
| വിവാഹ ധനസഹായം | 840000 | 28 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)o വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-8-2017 ന് 3.15 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹33,753 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-11-2014 മുതൽ 5-12-2014 വരെ | 2009-10മുതൽ 2013-14 വരെ | 31-1-2015 |
| പെർഫോമൻസ് ഓഡിറ്റ് | 12-7-2017 | 1-4-2017മുതൽ 30-6-2017വരെ | ലഭിച്ചിട്ടില്ല |

## 1-11 സംയുക്ത പ്രോജക്ടുകൾക്കൾക്കായും വിവിധ ഗ്രാന്റുകൾ മുഖേനയായും ലഭിക്കുന്ന തുകകൾ മുഴുവനായി വിനിയോഗിക്കപ്പെടുന്നില്ല.

വാർഷിക കണക്കിനോടനുബന്ധിച്ചുള്ള ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ₹73,32,553.49 സംയുക്ത പ്രോജക്ടുകൾക്കൾക്കായും വിവിധ ഗ്രാന്റുകൾ മുഖേനയായും അവാർഡ് തുകയായും ഗുണഭോക്തൃ വിഹിതമായും ലഭിച്ച തുകയിനത്തിൽ ചെലവഴിക്കാൻ ബാക്കിയുണ്ട്. ഈ തുകകൾ ചെലവഴിക്കാത്തപക്ഷം തിരിച്ചടക്കേണ്ടുന്ന തുക തിരിച്ചടക്കേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കൃഷി ഓഫീസർ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിലെ അപാകങ്ങൾ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തെങ്ങിൻ തൈ, വാഴത്തൈ, ഇടവിള കൃഷി കിറ്റ്, കുറ്റി കുരുമുളക് തൈ, കവുങ്ങിൻ തൈ, ഗ്രോബാഗ് വിതരണം മുതലായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി യഥാക്രമം ഒന്നിന് ₹75, ₹20, ₹75, ₹25, ₹25, ₹46 എന്ന നിരക്കിൽ ഗുണഭോക്തൃവിഹിതമായി പിരിച്ചെടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 14രശീതി ബുക്കുകൾ (ബുക്ക് നമ്പർ 30, 34, 35, 36, 38, 39, 41, 42, 43, 44, 45, 47, 48, 49.) പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു. മേൽപ്പറഞ്ഞ 14രശീതി ബുക്കുകൾ പ്രകാരം ആകെ ₹86,002 ഗുണഭോക്തൃവിഹിതമായി പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ രശീതി ബുക്കുകളിലെ രശീതികളിലൊന്നും ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം യഥാസമയം ഗ്രാമ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. രശീതി നൽകുമ്പോൾ തീയതി കൃത്യമായി രേഖപ്പെടുത്തി എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-2 വെറ്ററിനറി സർജൻ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിലെ അപാകങ്ങൾ

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആട്ട വിതരണം, കിടാരി വിതരണം, വനിതകൾക്ക് കോഴി കുഞ്ഞുങ്ങൾ വിതരണം മുതലായ പദ്ധതികൾക്കായി യഥാക്രമം ₹2750, ₹6000, ₹400 എന്നിങ്ങനെ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിട്ടുണ്ട്. ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത 3 രശീതി ബുക്കുകൾ (ബുക്ക് നമ്പർ 33, 37, 40 ) പ്രകാരം ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത രശീതികളിലെ തീയതി കാർബൺ പേപ്പർ ഉപയോഗിക്കാതെ പിന്നീട് പ്രത്യേകം എഴുതി ചേർത്തതായിട്ടാണുള്ളത്. ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുമ്പോൾ കൃത്യമായി രസീതി നൽകുന്നതിന്

ശ്രദ്ധിക്കേണ്ടതാണ്. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബുക്ക് നമ്പർ | രസീത് നമ്പർ | തുക ₹ |
|---|---|---|---|
| 1 | 33 | 1 മുതൽ100 വരെ | 40000 |
| 2 | 37 | 1 മുതൽ 14 വരെ , 40 | 11600 |
| 3 | 40 | 1 മുതൽ 100 വരെ | 77400 |

## 2-3 വസ്തുനികുതിയിൽ ഇളവ് നൽകുമ്പോൾ സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കുന്നില്ല

സർക്കാർ ഉത്തരവ് (എം.എസ്)നം.144/15/ത.സ്വ.ഭ.വ 27-04-15 പ്രകാരം 60 ച.മീ. (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-16 വർഷം മുതൽ കെട്ടിടനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഇപ്രകാരം ചൊക്ലി ഗ്രാമപഞ്ചായത്തിലെ 10 കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സ.ഉ(എം.എസ്) നം.358/15/ത.സ്വ.ഭ.വ/16-12-15 പ്രകാരം 60ച.മീ വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിനു മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തേണ്ടതാണ്. ഇതിനായി ഉടമസ്ഥനിൽ നിന്നും സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 60ച.മീ വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ മേൽ ഉത്തരവനുസരിച്ചുള്ള സത്യവാങ്മൂലം വാങ്ങി സൂക്ഷിച്ചിട്ടില്ല. അനർഹർക്ക് നികുതിയിളവ് ലഭിക്കുന്ന അവസ്ഥ ഒഴിവാക്കാൻ മേൽ ഉത്തരവ് പാലിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1. ഗ്രാമ പഞ്ചായത്തിലെ മുഴവൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2016-17 വർഷത്തെ ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന വ്യാപാരികളിൽ നിന്നും തൻവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | വ്യാപാരികളുടെ പേര് | വാർഡ്/കെട്ടിട നമ്പർ | സംരംഭം |
|---|---|---|---|
| 1 | ബഷീർ ,ആസ്മാ മൻസിൽ | 1/442A | അനാദി |
| 2 | ശാന്ത കെ.പി, കാവിൽ പടിഞ്ഞാറയിൽ ഹൗസ് | 1/364 | ചായക്കട |
| 4 | നാണു. എം, മട്ടേന്റവിട ഹൗസ് | 2/315 | ചായക്കട |
| 5 | കണ്ടിയിൽ ഗോപാലൻ | 4/51,52 | ചായക്കട |
| 6 | വി.രതി, ആരതി | 6/331 | ബേക്കറി |
| 7 | കെ.പി പവിത്രൻ, വിപിൻ നിവാസ് | 6/571 | ഗ്രോസറി |
| 8 | ഇ.കെ ചന്ദ്രൻ, ഇല്ലത്ത് താഴെ കുനിയിൽ | 6/290 | ഗ്രോസറി |
| 9 | പുരുഷോത്തമൻ. പി, പറമ്പത്ത് ഹൗസ് | 06/03/17 | ഗ്രോസറി |
| 10 | ശശിധരൻ ടി, ശിശിര | 6/193 | കെട്ടിടനിർമ്മാണ സാമഗ്രികൾ |

| | | | |
|---|---|---|---|
| 11 | മോറത്ത് കുമാരൻ, മോറത്ത് ഹൗസ് | 6/74 | സ്റ്റേഷനറി |
| 12 | ഷാജി. ഇ, മാണ്ടോങ്കണ്ടിയിൽ | 7/236 | ഗ്രോസറി |

വിറ്റുവരവ് കുറവായതിനാലാണ് തൊഴിൽനികുതി ഈടാക്കാത്തത് എന്നാണ് ഇത് സംബന്ധിച്ച് നൽകിയ നാലാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയതെങ്കിലും ഇത് സംബന്ധിച്ച രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ മുഴുവൻ വ്യാപാരികളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വിരമിച്ച ജീവനക്കാരിയുടെ ജോലി ചെയ്ത കാലയളവിലെ തൊഴിൽ നികുതി ഈടാക്കിയില്ല

ചൊക്ലി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും 31-05-2016 ന് വിരമിച്ച ശ്രീമതി എലിസബത്ത് ഫെർണാണ്ടസ് (അടിസ്ഥാന ശമ്പളം ₹33,900) ജോലിചെയ്ത കാലയളവിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ശ്രീമതി എലിസബത്ത് ഫെർണാണ്ടസിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

3. ആധാരമെഴുത്തുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ചൊക്ലി ഗ്രാമ പഞ്ചായത്തിൽ ചൊക്ലി രജിസ്ട്രാഫീസിന്റെ സമീപത്തായി ജോലിചെയ്തു വരുന്ന മുഴുവൻ ആധാരമെഴുത്തുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മുഴുവൻ ആധാരമെഴുത്തുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ഡി & ഒ ലൈസൻസ് നൽകൽ-അപാകങ്ങൾ

ഡി & ഒ ലൈസൻസ് അനുവദിച്ചുകിട്ടുന്നതിനായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ പരിശോധനയിൽ കാണുകയുണ്ടായ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. അപേക്ഷകളിൽ വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല.
2. അന്വേഷണ റിപ്പോർട്ടില്ല.
3. സെക്രട്ടറിയുടെ തീരുമാനം രേഖപ്പെടുത്തുന്നില്ല
4. മതിയായ അനുമതിപത്രം ലഭ്യമാക്കുന്നില്ല.

മേൽ അപാകങ്ങളോടെ ലൈസൻസിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര്, സ്ഥാപനം | വാർഡ്/കെട്ടിട നമ്പർ | പരാമർശം |
|---|---|---|---|
| 1 | അസ്ലം പി,മെഡിക്കൽ ലാബ് | 3/455 | അപേക്ഷ അപൂർണ്ണം,<br>ദിവസവരുമാനം കാണിച്ചിട്ടില്ല |
| 2 | സുലൈമാൻ പി.കെ<br>ഹാർഡ് വർക്സ് | 8/228 | ദിവസവരുമാനം കാണിച്ചിട്ടില്ല<br>അന്വേഷണ റിപ്പോർട്ടില്ല |
| 3 | സുലൈമാൻ പി.കെ<br>മൊബൈൽ റിപ്പയർ | 8/227 | ദിവസവരുമാനം കാണിച്ചിട്ടില്ല<br>അന്വേഷണ റിപ്പോർട്ടില്ല |

| | | | |
|---|---|---|---|
| 4 | മൂസ്സ എം<br>സിമന്റ് പീടിക | 8/313 | ദിവസവരുമാനം കാണിച്ചിട്ടില്ല<br>അന്വേഷണ റിപ്പോർട്ടില്ല |
| 5 | ചന്ദ്രൻ പി പി<br>സ്റ്റേഷനറി | 12/532 | ദിവസവരുമാനം കാണിച്ചിട്ടില്ല<br>അന്വേഷണ റിപ്പോർട്ടില്ല |
| 6 | വൈ.എം.ഷംസുദ്ദീൻ<br>ബിൽഡിംഗ് മെറ്റീരിയൽസ് | 16/672A | ദിവസവരുമാനം കാണിച്ചിട്ടില്ല<br>അന്വേഷണ റിപ്പോർട്ടില്ല |
| 7 | ഗീത സി കെ<br>മെറ്റൽ ഇൻഡസ്ട്രീസ് | 7/94 | ദിവസവരുമാനം കാണിച്ചിട്ടില്ല<br>അന്വേഷണ റിപ്പോർട്ടില്ല<br>പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ<br>അനുമതി പത്രമില്ല |
| 8 | കെ.പി.ആശ<br>ക്ലിനിക്കൽ ലാബ് | 3/413 | ദിവസവരുമാനം കാണിച്ചിട്ടില്ല<br>അന്വേഷണ റിപ്പോർട്ടില്ല<br>പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ<br>അനുമതി പത്രമില്ല |
| 9 | പ്രമോദ് കെ,നിട്ടുമ്പ്രം<br>മെഡിക്കൽ ലാബ് | 16/102 | അന്വേഷണ റിപ്പോർട്ടില്ല<br>പൊലൂഷൻകൺട്രോൾ ബോർഡിന്റെ<br>അനുമതി പത്രമില്ല |
| 10 | ടി.കെ മുകുന്ദൻ<br>ചായക്കച്ചവടം | 16/336 | ദിവസവരുമാനം കാണിച്ചിട്ടില്ല<br>അന്വേഷണ റിപ്പോർട്ടില്ല,<br>ശുചിത്വ സർട്ടിഫിക്കറ്റില്ല |
| 11 | പുരുഷോത്തമൻ,<br>പ്രൊവിഷൻ സ്റ്റോർ | 6/3 | ദിവസവരുമാനം കാണിച്ചിട്ടില്ല<br>അന്വേഷണ റിപ്പോർട്ടില്ല<br>ശുചിത്വ സർട്ടിഫിക്കറ്റില്ല |
| 12 | പ്രശാന്ത് കെ.പി<br>ഹോട്ടൽ | 3/526 | അന്വേഷണ റിപ്പോർട്ടില്ല,<br>ശുചിത്വ സർട്ടിഫിക്കറ്റില്ല |
| 13 | മുഹമ്മദ് നവാസ് | 2/498 | അന്വേഷണ റിപ്പോർട്ടില്ല, |

| | | | |
|---|---|---|---|
| | ഇറച്ചിക്കോഴി വിൽപന | | ശുചിത്വ സർട്ടിഫിക്കറ്റില്ല |
| 14 | എ.കെ.കുഞ്ഞിരാമൻ ചീളുപരമ്പത്ത് ചായക്കച്ചവടം | 10/381 | ദിവസവരുമാനം കാണിച്ചിട്ടില്ല അന്വേഷണ റിപ്പോർട്ടില്ല, ശുചിത്വ സർട്ടിഫിക്കറ്റില്ല |
| 15 | സദാനന്ദൻ എം.കെ ഹോട്ടൽ & ടീ ഷോപ്പ് | 5/370 | അന്വേഷണ റിപ്പോർട്ടില്ല, ശുചിത്വ സർട്ടിഫിക്കറ്റില്ല |

മതിയായ അനുമതി പത്രങ്ങളുടേയും അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മാത്രമേ വ്യാപാര സ്ഥാപനങ്ങൾക്ക ലൈസൻസ് അനുവദിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-6 ഡി & ഒ ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം : ചട്ടലംഘനത്തിന് പിഴ ഈടാക്കേണ്ടതാണ്

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം10പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസം മുൻപായി പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. 2016-17വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം സ്ഥാപനങ്ങളും 2017 മാർച്ച് മാസത്തിലും ഫെബ്രുവരി മാസത്തിലുമാണ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ നൽകിയിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര് | സ്ഥാപനം | വാർഡ്/കെട്ടിട നമ്പർ | അപേക്ഷ നൽകിയ തീയ്യതി |
|---|---|---|---|---|
| 1 | എ.കെ.കുഞ്ഞിരാമൻ, ചീളുപരമ്പത്ത് | ചായക്കട | 10/381 | 20-03-2017 |
| 2 | വി.പി.മമ്മു-മമ്മദ് | സ്റ്റേഷനറി | 10/53A | 22-03-2017 |
| 3 | കെ.ടി.കെ അനന്തൻ | ഗ്രോസറി | 13/291 | 14-02-2017 |
| 4 | പി.കെ.ഗംഗാധരൻ | ഫർണിച്ചർ വർക്സ് | 12/306 | 29-03-2017 |
| 5 | കെ.കെ.പദ്മനാഭൻ | ചായക്കട | 11/537 | 16-03-2017 |

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 5,10എന്നിവയുടെ ലംഘനമാണ്. ഇപ്രകാരം ഡി & ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 255വകുപ്പ് പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്. [1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 2കാണുക.]

## 2-7 പ്ലാസ്റ്റിക് ക്യാരി ബാഗ് ഉപയോഗം നിയന്ത്രിക്കാനുള്ള നടപടികളില്ല

16-03-07 ലെ G.O(Rt)795/LSGD പ്രകാരം ഡി & ഒ ലൈസൻസിനുള്ള അപേക്ഷയോടൊപ്പം 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ചുകൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം പാലിക്കുമെന്ന സത്യവാങ്മൂലം നൽകേണ്ടതാണ്. എന്നാൽ നിർദ്ദേശം

പാലിക്കാതെയാണ് ലൈസൻസ് അപേക്ഷകൾ സ്വീകരിച്ചിരിക്കുന്നത്. പ്ലാസ്റ്റിക് മാലിന്യം നിയന്ത്രിക്കാനുള്ള നടപടി എന്ന നിലക്ക് മേൽ നിർദ്ദേശം കർശനമായി പാലിക്കേണ്ടതും നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് വിൽക്കുന്നില്ല എന്നുറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

## 2-8 പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 270,1997ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു സ്വകാര്യ ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടില്ല. ചട്ടം 5 പ്രകാരം രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി അപേക്ഷ ഫോറം 5 ൽ 50 രൂപ രജിസ്ട്രേഷൻ ഫീസ് നൽകി പുതുക്കേണ്ടതാണ്. താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് 2016-17 വർഷത്തിൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇല്ല.

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | വാർഡ്/കെട്ടിട നമ്പർ |
|---|---|---|
| 1 | കെ.സുധാകരൻ, രജിൽ ക്ലിനിക് | ലഭ്യമല്ല |
| 2 | ജെ.ജെ.ഡന്റൽ ക്ലിനിക്, ചൊക്ലി | 3/446 |
| 3 | കോസ്മറ്റിക് ഡെന്റൽ ക്ലിനിക് | 3/648 |
| 4 | മെഡിനോവ ഡയഗ്നോസ്റ്റിക് സെന്റർ | 3/455 |
| 5 | ചാന്ദ്നി ക്ലിനിക് | ലഭ്യമല്ല |
| 6 | കെ.പി ആഷ, ക്ലിനിക്കൽ ലാബ് | 3/413 |
| 7 | പ്രമോദ് കെ, ഡിവൈൻ ലാബ് | 16/102 |
| 8 | ഡോ.എം.പദ്മനാഭൻ ആയുർവേദ ക്ലിനിക്ക് | 3/603,604,605 |
| 9 | ഡോ.സന്ദീപ് പോളിക്ലിനിക് | 16/229 |

ഇത് സംബന്ധിച്ച് നൽകിയ 15)ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ക്രമ നമ്പർ 1 മുതൽ 9 വരേയുള്ള സ്ഥാപനങ്ങൾ ആരംഭത്തിൽ രജിസ്ട്രേഷൻ നടത്തിയിയിട്ടുണ്ടെന്നും വർഷങ്ങൾക്കു മുൻപ് ആരംഭിച്ചവയാണെന്നും മറുപടി നൽകുകയുണ്ടായി. ക്രമ നമ്പർ 5, 7 എന്നിവ നിലവിൽ പ്രവർത്തിക്കാത്തവയാണെന്നും അറിയിച്ചു. എന്നാൽ ക്രമ നമ്പർ 7 പ്രകാരമുള്ള സ്ഥാപനത്തിന് 2016-17 വർഷം രശീതി നമ്പർ 109002/2-3-17 പ്രകാരം ഡി & ഒ ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറിക്ക് തെറ്റായ മറുപടിയാണ് നൽകിയത്) ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളുടേയും (ഉദാ.സി.എം.സി ഹോസ്പിറ്റൽ) ചട്ടങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ ഉറപ്പുവരുത്തേണ്ടതാണ്. മേൽ ചട്ടത്തിന് കീഴിൽ രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ നടത്തുന്നയാളിൽ നിന്നും ചട്ടം 8 പ്രകാരം 5,000/-രൂപ വരെ പിഴ ഈടാക്കാവുന്നതാണ്.

## 2-9 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ -വിവരങ്ങൾ അപൂർണ്ണം

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. കെട്ടിടനിർമ്മാണം പൂർത്തിയാക്കിയ തീയ്യതി, വസ്തുനികുതി നിർണ്ണയ നമ്പർ, ചുമത്തിയ നികുതി തുടങ്ങിയ വിവരങ്ങൾ

ചേർക്കുന്നില്ല. കെട്ടിട നിർമ്മാണ പെർമിറ്റിനായി ലഭിച്ച അപേക്ഷകളിൽ മിക്കതിലും പഞ്ചായത്ത് എന്ത് തുടർനടപടിയാണ് സ്വീകരിച്ചതെന്ന് രേഖപ്പെടുത്തിയിട്ടില്ല (2017 ജനവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ലഭിച്ച അപേക്ഷകളിൽ പ്രത്യേകിച്ചും). അപേക്ഷ ഫീസ് ഈടാക്കിയോ എന്ന വിവരംപോലും ചില അപേക്ഷകളുടെ കാര്യത്തിൽ രേഖപ്പെടുത്തിയിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ ലഭിച്ചാൽ ലഭിച്ച തീയ്യതി മുതൽ 30 ദിവസത്തിനകം തീരുമാനമെടുക്കണമെന്ന് 2011ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 15ൽ നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 4 പ്രകാരം പെർമിറ്റില്ലാതെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ നടത്താൻ പാടില്ല. മുഴുവൻ വിവരങ്ങളും രേഖപ്പെടുത്താത്തതിനാൽ അപേക്ഷകളിൽ തീരുമാനമെടുത്തതിന്റെയും കെട്ടിട നിർമ്മാണ പെർമിറ്റിന്റെയും കൃത്യത ഉറപ്പുവരുത്താനായിട്ടില്ല. രജിസ്റ്റർ കൃത്യമായും പൂർണ്ണമായും എഴുതി സൂക്ഷിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചില്ല ₹16500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രൊജക്റ്റ് നമ്പർ : 48/17

പ്രൊജക്റ്റിന്റെ പേര് : കാർഷിക ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ : ₹33900 വികസന ഫണ്ട്

: ₹11300 ഗുണഭോക്തൃ വിഹിതം

ആകെ : ₹45200

ചെലവ് തുക : ₹16500 ബിൽ നമ്പർ : 11/16-17/23-3-2017

കൃഷി വകുപ്പിന്റെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ഗുണഭോക്തൃ ഗ്രൂപ്പുകൾ ബ്രഷ് കട്ടർ വാങ്ങി ബിൽ സമർപ്പിച്ചാൽ 75% സബ്സിഡി അനുവദിക്കുന്ന മേൽ പ്രോജക്റ്റ് പ്രകാരം ആതിര ജെ എൽ ജി എന്ന ഗുണഭോക്തൃ ഗ്രൂപ്പിന് റെയ്ഡ്കോയിൽ നിന്നും ബ്രഷ് കട്ടർ വാങ്ങിയതിന് ₹16500 അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃ ഗ്രൂപ്പുകൾ ഉപകരണങ്ങൾ വിൽക്കുവാനോ, കൈമാറ്റം ചെയ്യുവാനോ പാടില്ല എന്നും പൊതു കാർഷിക ആവശ്യത്തിന് മാത്രമെ ഉപയോഗിക്കൂ എന്നും സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനേക്കാൾ 25% കുറഞ്ഞ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാമെന്നുമുള്ള കരാർ വച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹16500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-2 വിതരണ രേഖകൾ, ഗുണഭോക്തൃ ലിസ്റ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല ₹3,65,100യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്റ്റുകളുടെ വിവിധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹3,65,100യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ | പ്രൊജക്റ്റ് നമ്പർ | ചെലവ് തുക | അപാകങ്ങൾ |
|---|---|---|---|

| നമ്പർ | പേര് അടങ്കൽ തുക | ബിൽ നമ്പർ/ തീയ്യതി | |
|---|---|---|---|
| 1 | 53/17<br>തെങ്ങിൻ തൈ വിതരണം<br>₹56250 വികസന ഫണ്ട്<br>₹18750 ഗുണഭോക്തൃ വിഹിതം<br>ആകെ₹75000<br>എണ്ണം : 494 | ₹56250<br>3/16-17 /9-3-2017 | വിതരണ രേഖകൾ, ഗുണഭോക്തൃ ലിസ്റ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 2 | 52/17<br>വാഴ തൈ വിതരണം<br>(ടിഷ്യൂ കൾച്ചർ വാഴക്കന്ന് )<br>₹52500 വികസന ഫണ്ട്<br>₹17500 ഗുണഭോക്തൃ വിഹിതം<br>ആകെ₹70000<br>എണ്ണം :1279 | ₹ 52500<br>4/16-17 /9-3-2017 | വിതരണ രേഖകൾ, ഗുണഭോക്തൃ ലിസ്റ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 3 | 49/17<br>ഇടവിള കൃഷി<br>₹125100 വികസന ഫണ്ട്<br>₹41700 ഗുണഭോക്തൃ വിഹിതം<br>ആകെ₹166800<br>എണ്ണം : 531 കിറ്റ് | ₹125100<br>2/16-17 /7-3-2017 | വിതരണ രേഖകൾ, ഗുണഭോക്തൃ ലിസ്റ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | | |
| 4 | 50/17<br>കുറ്റി കുരുമുളക്<br>₹75000<br>വികസന ഫണ്ട്<br>₹25000<br>ഗുണഭോക്തൃ വിഹിതം<br>ആകെ₹100000<br>എണ്ണം :896 | ₹75000<br>5/16-17<br>/9-3-2017 | വിതരണ രേഖകൾ, ഗുണഭോക്തൃ ലിസ്റ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 5 | 51/17<br>കവുങ്ങിൻ തൈ വിതരണം<br>₹68750<br>വികസന ഫണ്ട്<br>₹18750<br>ഗുണഭോക്തൃ വിഹിതം<br>ആകെ₹87500<br>എണ്ണം :2471 | ₹56250<br>6/16-17<br>/9-3-2017<br>₹3,600<br>12/16-17<br>/23-3-2017 | വിതരണ രേഖകൾ, ഗുണഭോക്തൃ ലിസ്റ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| | ആകെ | ₹ 365100 | |

## 3-3 ആട്ട വിതരണം - നിർവ്വഹണത്തിലെ അപാകങ്ങൾ ₹93500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പ്രൊജക്റ്റ് നമ്പർ : 112/17

പ്രൊജക്റ്റിന്റെ പേര് : ആട്ട വിതരണം

അടങ്കൽ : ₹93,500 വികസന ഫണ്ട്

ചെലവ് തുക : ₹60500 ബിൽ നം 3/16-17/30.1.2017

: ₹33000 ബിൽ നം 6 /16-17/15.2.2017.

ആകെ : ₹93,500

ആട്ട വിതരണം എന്ന മേൽ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് 34 ഗുണഭോക്താക്കൾക്ക് സബ്സിഡിയായി ആകെ ₹93,500 അനുവദിച്ചിട്ടുണ്ട്. ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള അർഹതാ മാനദണ്ഡങ്ങൾ തെളിയിക്കുന്ന രേഖകൾ അപേക്ഷയോടോപ്പം ലഭ്യമാക്കിയിട്ടില്ല..
2. ഉരുക്കളെ വാങ്ങിയ 22 ഗുണഭോക്താക്കളുടെ ഇൻഷ്വറൻസ് ഒടുക്കിയതിന്റെ രേഖകൾ ലഭ്യമല്ല.
3. ഉരുക്കളെ മൂന്ന് വർഷത്തേക്ക് വിൽക്കുവാനോ കൈമാറ്റം ചെയ്യുവാനോ പാടില്ല എന്ന കരാർ വെച്ചിട്ടില്ല.
4. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന് ശേഷം മാത്രമെ സബ്സിഡി തുക അനുവദിക്കാവൂ എന്ന നിബന്ധന പാലിച്ചിട്ടില്ല. 30-1-2017 നകം 6 ഗുണഭോക്താക്കൾ മാത്രമെ ഗുണഭോക്തൃ വിഹിതം ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളൂ. എന്നാൽ 22ഗുണഭോക്താക്കളുടെയും സബ്സിഡി തുക ആട്ടുകളെ വിറ്റ് സ്വരം കുടുംബശ്രീ അയൽക്കൂട്ടം സെക്രട്ടറി ശ്രീമതി ഗൗരിക്ക് നൽകിയിട്ടുണ്ട്

മേൽപ്പറഞ്ഞ കാരണങ്ങളാൽ ₹93500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 കിടാരി വിതരണം നിർവ്വഹണത്തിലെ അപാകങ്ങൾ ₹75000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പ്രൊജക്റ്റ് നമ്പർ : 102/17

പ്രൊജക്റ്റിന്റെ പേര് : കിടാരി വിതരണം

അടങ്കൽ : ₹75,000 വികസന ഫണ്ട്

ചെലവ് തുക : ₹75,000 ബിൽ നമ്പർ : 4/16-17/30-1-2017

കിടാരി വിതരണം എന്ന മേൽ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് 15 ഗുണഭോക്താക്കൾക്ക് ₹75,000 സബ്സിഡി അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള അർഹതാ മാനദണ്ഡങ്ങൾ തെളിയിക്കുന്ന രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല.

2. ഉരുക്കളെ വാങ്ങിയ 5 ഗുണഭോക്താക്കളുടെ ഇൻഷ്വറൻസ് ഒടുക്കിയതിന്റെ രേഖകൾ ലഭ്യമല്ല.

3. ഉരുക്കളെ മൂന്ന് വർഷത്തേക്ക് വിൽക്കുവാനോ കൈമാറ്റം ചെയ്യുവാനോ പാടില്ല എന്ന കരാർ വെച്ചിട്ടില്ല.

4. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന് ശേഷം മാത്രമെ സബ്സിഡി തുക അനുവദിക്കാവൂ എന്ന നിബന്ധന പാലിച്ചിട്ടില്ല.

5. 30-1-2017 നകം 4 ഗുണഭോക്താക്കൾ മാത്രമെ ഗുണഭോക്തൃ വിഹിതം ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളൂ. എന്നാൽ 15 ഗുണഭോക്താക്കളുടെയും സബ്സിഡി തുക കിടാരികളെ വിറ്റ സ്വരം കുടുംബശ്രീ അയൽക്കൂട്ടം സെക്രട്ടറിയായ ശ്രീമതി ഗൗരിക്ക് നൽകിയിട്ടുണ്ട്.

മേൽപ്പറഞ്ഞ കാരണങ്ങളാൽ സബ്സിഡിയായി അനുവദിച്ച ₹75000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 മഴക്കാല പൂർവ്വ ശുചീകരണം - മോണിറ്ററിംഗ് റിപ്പോർട്ട്, വാല്വേഷൻ

**റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല ₹40000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഓരോ വാർഡിനും ₹10000 പ്രകാരം 17 വാർഡുകൾക്ക് ശുചിത്വമിഷൻ ഫണ്ടിൽ നിന്നും ആകെ ₹170000 (ചെക്ക് നമ്പർ :040460/14-6-2016) PHCയിലെ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. വാർഡ് തലത്തിൽ ശുചിത്വ പ്രവർത്തനങ്ങൾ കണ്ടെത്തി ആസൂത്രണവും കർമ്മ പരിപാടികളും തയ്യാറാക്കി സമയബന്ധിതമായി പ്രവർത്തിക്കുകയാണ് മഴക്കാല പൂർവ്വ ശുചീകരണ ക്യാമ്പയിന്റെ ലക്ഷ്യം. ക്യാമ്പ് കഴിഞ്ഞ് ഒരാഴ്ചക്കുള്ളിൽ സെക്രട്ടറി വാർഡ് സമിതികളിൽ നിന്നും ചെലവ് രേഖകൾ ശേഖരിച്ച് ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ 7, 9, 12, 16 എന്നീ വാർഡുകളിലെ വാർഡ് സമിതികളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കാത്ത 4 വാർഡുകൾക്കായി നൽകിയ ₹40000/- തടസ്സം ചെയ്യുന്നു. ചെലവ് രേഖകൾ ഹാജരാക്കിയ 13 വാർഡ് സമിതികൾ സർക്കുലർ നമ്പർ. DC/2016/ LSGD/1-4-2016 ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണോ ചെലവും പ്രവർത്തനവും നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുന്ന മോണിറ്ററിംഗ് റിപ്പോർട്ട്, വാല്വേഷൻ റിപ്പോർട്ട്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 3-6 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - അപാകങ്ങൾ ₹493592 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

| | |
|---|---|
| പ്രൊജക്ട് നമ്പർ | : 16/17 |
| പ്രൊജക്ടിന്റെ പേര് | : സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ തുക | : ₹307184 വികസന ഫണ്ട് |
| | : ₹187816 ധനകാര്യ കമ്മീഷൻ അവാർഡ് |
| ആകെ | : ₹495000 |
| ചെലവ് തുക | : ₹307184 ബിൽ നമ്പർ/തീയ്യതി : 17/16-17/30-12-2016 |
| | : ₹186408 ബിൽ നമ്പർ/തീയ്യതി : 18/16-17/12-1-2017 |
| ആകെ | : ₹493592 |

സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന മേൽ പ്രോജക്ട് പ്രകാരം KREWS മാനേജിംഗ് ഡയറക്ടർ, KINFRA Small Industries park, മയിലംപാടി കാസർഗോഡ് എന്ന സ്ഥാപനത്തിന് 284 Single Tube Set with all fittings ന്റെ വിലയും ഇൻസ്റ്റലേഷൻ ചാർജ്ജും ഉൾപ്പെടെ ആകെ ₹493592 അനുവദിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി യുടെ സൂപ്പർവിഷനോട്കൂടിയാണ് ട്യൂബ് സെറ്റുകൾ ഇൻസ്റ്റലേഷൻ നടത്തേണ്ടത്. എന്നാൽ കെ.എസ്.ഇ.ബി യുടെ സൂപ്പർവിഷനോട്കൂടി ട്യൂബ് സെറ്റുകൾ ഇൻസ്റ്റലേഷൻ നടത്തിയതിന്റെ വിവരമോ മോണിറ്ററിംഗ് റിപ്പോർട്ടോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹493592 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 IKM ന് ഫണ്ട് അനുവദിക്കൽ - തുകയുടെ കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 20/17

പ്രൊജക്ടിന്റെ പേര് : IKM ന് അടക്കേണ്ട വിഹിതം

അടങ്കൽ തുക : ₹ 64,271 വികസന ഫണ്ട്

ചെലവ് തുക : ₹ 64,271 ബിൽ നമ്പർ/തീയ്യതി : 10/16-17/20-10-2016

IKM പ്രവർത്തന ഫണ്ടിലേക്ക് ചൊക്ലി ഗ്രാമ പഞ്ചായത്ത് 2015-16 വർഷം അടക്കാൻ ബാക്കിയുള്ള തുകയും 2016-17 വർഷം അടക്കേണ്ട തുകയുമുൾപ്പെടെ ആകെ ₹64,271 ഡിമാന്റ് ഡ്രാഫ്റ്റ് നമ്പർ 040689/24-10-2016 പ്രകാരം IKM ഗ്രൂപ്പ് ഡയറക്ടർക്ക് നൽകുന്നതിനായി മേൽ പ്രോജക്ട് പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ IKMതുക കൈപ്പറ്റിയതിന്റെ രശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രശീതി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-8 വൈശ്യൻകണ്ടി രാജൻ പീടിക ചിറക്കര വീട്ടിൽ റോഡ് സോളിംഗ് കരാറുകാരന് അധികം നൽകിയ ₹3554 യുടെ ചെലവ് അംഗീകരിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നമ്പർ : 91/17

പ്രൊജക്ടിന്റെ പേര് : വൈശ്യൻകണ്ടി രാജൻ പീടിക ചിറക്കര വീട്ടിൽ റോഡ് സോളിംഗ്

അടങ്കൽ : ₹103702 വികസന ഫണ്ട്

: ₹346000 ധനകാര്യ കമ്മീഷൻ അവാർഡ്

: ₹1298 തനത് ഫണ്ട്

ആകെ : ₹451000

ചെലവ് തുക : ₹103702 ബിൽ നമ്പർ/തീയ്യതി : 13/16-17/27-3-2017

: ₹213160 ബിൽ നമ്പർ/തീയ്യതി : 14/16-17/27-3-2017

ആകെ : ₹316862

കരാറുകാരൻ : റീജിൻ. എം.എം. 17.19% Below Estimate Rate

അളവ് പുസ്തകം : 11/16-17

വൈശ്യൻകണ്ടി രാജൻ പീടിക ചിറക്കര വീട്ടിൽ റോഡ് സോളിംഗ് എന്ന മേൽ പ്രോജക്ട് പ്രകാരം കരാറുകാരന് തുക അനുവദിച്ചത് ടെണ്ടർ കുറവ് 17.19% കണക്കാക്കുന്നതിന് പകരം 16.19% കണക്കാക്കിയിട്ടാണ്. ആയത് സംബന്ധിച്ച് 24-8-2017 നകം മറുപടി ലഭ്യമാക്കേണ്ടതാണ്. വിശദവിവരം താഴെകൊടുക്കുന്നു.

| അളവ് പുസ്തകം പ്രകാരം കണക്കാക്കിയത് | യഥാർത്ഥത്തിൽ കണക്കാക്കേണ്ടിയിരുന്നത് |
|---|---|
| ആകെ പ്രവൃത്തി മൂല്യം : 378072<br>(-) ടെണ്ടർ കുറവ് 16.19% : 61210<br>: 316862 | ആകെ പ്രവൃത്തി മൂല്യം : 378072<br>(-) ടെണ്ടർ കുറവ് 17.19% : 64991<br>: 313081 |

| | |
|---|---|
| (-) VAT : 12674<br>(-) IT : 3169<br>(-) WF : 3169<br>കരാറുകാരന് നൽകിയ തുക : 297850 | (-) VAT : 12523<br>(-) IT : 3131<br>(-) WF : 3131<br>കരാറുകാരന് നൽകേണ്ട തുക : 294296 |
| കരാറുകാരന് അധികം നൽകിയ തുക : 297850 - 294296 = 3554 | |

കരാറുകാരന് അധികം നൽകിയ ₹3554 ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-9 തലശ്ശേരി പെരിങ്ങത്തൂർ റോഡിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്റ്റ് നമ്പർ : 45/17

പ്രൊജക്ടിന്റെ പേര് : തലശ്ശേരി പെരിങ്ങത്തൂർ റോഡിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

അടങ്കൽ തുക : ₹2,20,963 വികസന ഫണ്ട്

ചെലവ് തുക : ₹2,20,963

ബിൽ നമ്പർ/തീയ്യതി : 8/16-17/20-10-2016

തലശ്ശേരി പെരിങ്ങത്തൂർ റോഡിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്ന പ്രോജക്റ്റ് പ്രകാരം കെ.എസ്.ഇ.ബി, തലശ്ശേരി ഇലക്ട്രിക്കൽ ഡിവിഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ₹2,20,963 കെ.എസ്.ഇ.ബി, തലശ്ശേരി ഇലക്ട്രിക്കൽ ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ച് പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിവരം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-10 സമ്പൂർണ്ണ വൈദ്യുതീകരണം കെ.എസ്.ഇ.ബി ക്ക് വിഹിതം കൈമാറൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്റ്റ് നമ്പർ : 144/17

പ്രൊജക്ടിന്റെ പേര് : സമ്പൂർണ്ണ വൈദ്യുതീകരണം ഗ്രാമ പഞ്ചായത്ത് വിഹിതം

അടങ്കൽ തുക : ₹ 1,95,852 വികസന ഫണ്ട്

ചെലവ് തുക : ₹ 1,95,852 ബിൽ നമ്പർ/തീയ്യതി : 19/16-17/20-2-2017

ചൊക്ലി ഗ്രാമ പഞ്ചായത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സബ് ഡിവിഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് തുകയിൽ ഗ്രാമ പഞ്ചായത്ത് വിഹിതമായ ₹1,95,852 കെ.എസ്.ഇ.ബി. യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ

സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട്. എന്നിവ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട്. എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-11 അംഗനവാടികൾക്ക് വൈദ്യുതി കണക്ഷൻ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 98/17

പ്രൊജക്ടിന്റെ പേര് : അംഗനവാടികൾക്ക് വൈദ്യുതി കണക്ഷൻ

അടങ്കൽ തുക : ₹58,636 മെയിന്റനൻസ് ഫണ്ട് റോഡിതരം

ചെലവ് തുക : ₹36,632

ബിൽ നമ്പർ/തീയ്യതി : 9/16-17/20-10-2016

ചൊക്ലി ഗ്രാമ പഞ്ചായത്തിലെ അംഗനവാടികൾക്ക് വൈദ്യുതി കണക്ഷൻ എന്ന മേൽ പ്രോജക്ട് പ്രകാരം കവിയൂർ അംഗൻവാടി (₹13,540), മത്തിപ്പറമ്പ അംഗൻവാടി (₹13,292), മോന്തീൽ അംഗൻവാടി (₹9800), അരയാക്കൂൽ അംഗനവാടി (₹22,004) എന്നിങ്ങനെ ആകെ ₹58,636യാണ് വകയിരുത്തിയത്. അരയാക്കൂൽ അംഗനവാടിയുടെ വൈദ്യുതി കണക്ഷനുള്ള എസ്റ്റിമേറ്റ് ഭേദഗതി ചെയ്യുന്നതിനാൽ മറ്റുള്ള മൂന്ന് അംഗനവാടികൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള എസ്റ്റിമേറ്റ് തുകയായ ₹36,632 കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ, ചൊക്ലിക്ക് നൽകിയിട്ടുണ്ട്. എന്നാൽ അംഗനവാടികൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചതിന്റെ വിവരമോ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-12 അംഗൻവാടി പോഷകാഹാരം -ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്.

അംഗൻവാടികളിൽ നിന്നു യഥാർത്ഥത്തിൽ പോഷകാഹാരം / ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരവും കൂടെക്കൂടെ പരിശോധനക്ക് വിധേയമാക്കേണ്ടതാണെന്ന് ജി.ഒ (എം.എസ്)4/2016 ത.സ്വ.ഭ.വ 11.01.16 പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി അംഗൻവാടി വെൽഫെയർ കമ്മിറ്റിക്കു പുറമെ ഗ്രാമസഭ അംഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു നിരീക്ഷണകമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും വാർഡിലുള്ള അംഗൻവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാരം / ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതുമാണ്. മേൽ മാർഗ്ഗരേഖ നിർദ്ദേശം പഞ്ചായത്തിൽ പാലിച്ചുവരുന്നില്ല. സാമൂഹ്യക്ഷേമ ഡയറക്ടറുടെ 05-06-2010, 1-02-2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി 3-312 നമ്പർ കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗുണനിലവാരം പരിശോധിച്ചതിന്റെ രേഖകൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല. ഫുഡ് സാമ്പിൾ പരിശോധനക്ക് അയച്ചിട്ടുണ്ടെന്നും റിപ്പോർട്ടു ലഭിക്കാൻ വളരെയധികം കാലതാമസം നേരിടുന്നുവെന്നുമാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ ഇത് സംബന്ധിച്ച നൽകിയ എൻക്വയറിക്ക് മറുപടി നൽകിയത്. പലയിടത്തും വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് ഗുണനിലവാരമില്ലാത്തതെന്ന് റിപ്പോർട്ടുള്ള സാഹചര്യത്തിൽ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.

## 3-13 തെരുവ് വിളക്ക് വൈദ്യുതി ചാർജ് - ആധികാരികത ഉറപ്പ് വരുത്തേണ്ടതാണ്

തെരുവ് വിളക്ക് വൈദ്യുതി ചാർജിനത്തിലും കറന്റ് ചാർജിനത്തിലുമായി ഗ്രാമ പഞ്ചായത്ത് 7 ലക്ഷം രൂപയോളം പ്രതിവർഷം കെ.എസ്. ഇ.ബിയിൽ ഒടുക്കുന്നുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചപ്പോൾ പഞ്ചായത്തിന്റെ കണക്ക് പ്രകാരം 17.03.2015 ന് 118 തെരുവ് വിളക്കുകൾ മാത്രമാണ് കത്തുന്നതായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. സംയുക്ത പരിശോധന റിപ്പോർട്ട് നം ഡി.ബി.23/14-15 /cky/21-1-2015 പ്രകാരം 638 തെരുവ് വിളക്കുകൾ കത്തുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്. 2013-14 & 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വൈദ്യുതി ചാർജ്ജ് സംബന്ധിച്ച് കൃത്യത വരുത്തുന്നതിനും അധികരിച്ച് അടച്ച തുക തിരികേ ഈടാക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം സംയുക്ത പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ് കുറച്ചുതരുന്നതിനും അധികരിച്ച് അടച്ച തുക തിരികെ ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് കെ.എസ്.ഇ.ബിക്ക് അപേക്ഷ സമർപ്പിച്ചിട്ട് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. (എ3-233/16/19-7-2016). സംയുക്ത പരിശോധന നടത്തി ഉപയോഗിച്ച വൈദ്യുതിക്ക് മാത്രം ചാർജ് ഈടാക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 17-3-2015 ന് ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ താഴെ പറയും പ്രകാരമുള്ള തെരുവ് വിളക്കുകൾക്കാണ് പ്രതിമാസം വൈദ്യുതി ചാർജ് ഒടുക്കിവരുന്നത്.

| ക്രമ നമ്പർ | ഇനം | കത്തുന്ന തെരുവ് വിളക്കിന്റെ എണ്ണം | കത്താത്ത തെരുവ് വിളക്കുകളുടെ എണ്ണം |
|---|---|---|---|
| 1 | 60 Wബൾബ് | 1 | 24 |
| 2 | 40W ട്യൂബ് | 74 | 298 |
| 3 | 250W സോഡിയം വേപ്പർ ലാമ്പ് | 5 | 24 |
| 4 | 20W സി.എഫ്.എൽ | 38 | 350 |
| | ആകെ | 118 | 696 |

ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊത്തം തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള പ്രവർത്തന ക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന 21-1-2015 ന് ശേഷം നടത്തിയിട്ടില്ല. കത്തുന്ന തെരുവ് വിളക്കുകൾക്ക് മാത്രമേ വൈദ്യുതി ചാർജ് ഒടുക്കുന്നുള്ളൂ എന്നും ഉറപ്പ് വരുത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 പെയിൻ &പാലിയേറ്റീവ് ചെലവുകളിലെ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ PHC

പ്രൊജക്ട് നമ്പർ : 108/17

പ്രൊജക്റ്റിന്റെ പേര് : പെയിൻ &പാലിയേറ്റീവ്

അടങ്കൽ : ₹ 600000 വികസന ഫണ്ട്

ചെലവ് തുക : ₹ 453794

പെയിൻ &പാലിയേറ്റീവ് പദ്ധതിയുടെ ഭാഗമായി രോഗികളുടെയും കുടുംബാംഗങ്ങളുടെയും സ്നേഹ സംഗമം എന്ന കൂട്ടായ്മ ചൊക്ലി ഗ്രാമ പഞ്ചായത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ 25-3-2017ന് പാത്തിക്കൽ എന്ന സ്ഥലത്ത് സംഘടിപ്പിച്ചിരുന്നു. പരിപാടിയുടെ ഭാഗമായി സ്നേഹകിറ്റ് വിതരണം, സ്റ്റേജ് പ്രോഗ്രാം, ബോട്ട് യാത്ര എന്നിവ നടത്തിയതിന്റെ ചെലവുകളുമായി ബന്ധപ്പെട്ട് ബിൽ നമ്പർ 14/16-17/31-3-2017പ്രകാരം ₹100015 ചെലവഴിച്ചിട്ടുണ്ട്. ചെലവുകളുടെ ഇനം തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

| ചെലവിനം | തുക |
|---|---|
| നോട്ടീസ് അച്ചടിക്കൽ | 1500 |
| ബാനർ ചാർജ്ജ് | 2000 |
| ബോട്ട് വാടക | 5000 |
| ഹയർ ഗുഡ്സ് വാടക (പന്തൽ,കസേര) | 33555 |
| ബെനിഫിഷ്യറി കിറ്റ് ചാർജ്ജ് | 48000 |
| റിഫ്രഷ്മന്റ് കിറ്റ് ചാർജ്ജ് | 3960 |
| സ്റ്റേജ് പ്രോഗ്രാം | 6000 |
| ആകെ | ₹100015 |

പെയിൻ & പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ 2015, ഖ – 2.6.13 (1) പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി ബോധവൽക്കരണം, വാർഷിക സംഗമം വിളിച്ച് ചേർക്കാവുന്നതാണ്. എന്നാൽ ഇങ്ങനെ സംഘടിപ്പിക്കുന്ന സംഗമം ആർഭാടരഹിതവും, ഭക്ഷണ ചെലവുകൾക്കുമായി പരമാവധി ₹60 യും മറ്റ് ചെലവുകൾക്കുമായി പരമാവധി ₹3000 യും ചെലവഴിക്കാമെന്നും കൂടുതൽ തുക വേണ്ടിവരുമെങ്കിൽ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുവാനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ മേൽ പരിപാടിയുടെ ഭാഗമായി ബോട്ട് യാത്ര നടത്തിയതിന്റെ ഔചിത്യം വ്യക്തമല്ല. ഇത്തരം പരിപാടികൾ സംഘടിപ്പിക്കുമ്പോൾ സ്പോൺസർഷിപ്പിലൂടെ പരമാവധി തുക കണ്ടെത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 ഖരമാലിന്യ ശേഖരണവും, നിർമ്മാർജനവും സംവിധാനം ഒരുക്കൽ പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

പ്രൊജക്ട് നമ്പർ : 149/17

പ്രൊജക്ടിന്റെ പേര് : ഖരമാലിന്യ ശേഖരണവും, നിർമ്മാർജനവും സംവിധാനം ഒരുക്കൽ.

അടങ്കൽ : ₹190000 ധനകാര്യ കമ്മിഷൻ അവാർഡ്

ചെലവ് തുക : ₹52,500 ബിൽ നം 3/16-17/31.3.2017

: ₹22,000 ബിൽ നം 4 /16-17/31.3.17.

: ₹13240 ബിൽ നം 5 / 16 -17/31.3.17.

ആകെ : ₹87,740

മേൽ പദ്ധതി പ്രകാരം ഖരമാലിന്യ ശേഖരണത്തിന് 15പെട്ടികൾ വാങ്ങിയതിന് ₹52,500 യും 4 ശുചിത്വ സന്ദേശ ബോർഡുകൾ സ്ഥാപിക്കുന്നതിന് ₹22,000 യും ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി ₹13,240 യും ഉൾപ്പെടെ ആകെ ₹87,740 ചെലവഴിച്ചിട്ടുണ്ട്. ഖരമാലിന്യ ശേഖരണത്തിന് ആവശ്യമായ പെട്ടികൾ Raidco യിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ ശേഖരണ പെട്ടികളുടെ സ്പെസിഫിക്കേഷൻ സംബന്ധിച്ച വിവരം പ്രൊജക്ടിലും ഇൻവോയ്സിലും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാങ്ങൽ നടപടികളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചില്ല. ഖരമാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് ഡ്രൈവിംഗ് പരിശീലനം കൊടുക്കുവാനും, തുമ്പൂർ മൂഴി മോഡൽ ഉപകരണങ്ങൾ വാങ്ങുവാനും കൂടിയാണ് പദ്ധതി പ്രകാരം ഉദ്ദേശിച്ചിരുന്നത് എന്നാൽ അവസാന മാസത്തിലാണ് പദ്ധതി നടപ്പിലാക്കിയതെന്നും കൂടാതെ പരിശീലനത്തിന് ആളെ കിട്ടാത്തതിനാലും, ഉപകരണങ്ങൾ വാങ്ങുന്നതിനാവശ്യമായ നടപടിക്രമങ്ങൾ പാലിക്കാൻ സാധിക്കാതെ വന്നത് കാരണം പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞില്ല എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. ഇത്തരം പദ്ധതികളുടെ തുടർപ്രവർത്തനങ്ങളിലൂടെ മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തേണ്ടതാണ്.

## 3-16 നിരാലംബരായ വനിതകൾക്ക് ഭവനം - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.

2015-16 ആരംഭിച്ച നിരാലംബരായ വനിതകൾക്ക് ഭവനം എന്ന പ്രൊജക്ട് പ്രകാരം ₹2,00,000 വീതം ധനസഹായം ലഭിച്ച മൂന്ന് ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ/പേര് | ഗുണഭോക്താവിന്റെ പേര്. | ആകെ കൈപ്പറ്റിയ തുക. അവസാന ഗഡു കൈപ്പറ്റിയ തീയ്യതി |
|---|---|---|---|
| 1 | 7/17 നിരാലംബരായ വനിതകൾക്ക് ഭവനം | അനിത. യു, ഉണിച്ചിരാണ്ടിയിൽ, മേക്കുന്നു. വാർഡ് 8 | 140000 1-2-2017 |
| 2 | | കല്യാണി രയറോത്ത്, ഒളവിലം,വാർഡ് 10 | 180000 28-3-2017 |
| 3 | | ശാന്ത. ടി.എം, തൊരോം മാളിയിൽ | 180000 28-3-2017 |

ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | ലഭിച്ച | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച | നീക്കിയിരിപ്പ് |
|---|---|---|---|---|

| സ്ഥാപനം | തുക | | തുക | |
|---|---|---|---|---|
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1,50,000 | ഭിന്നശേഷി സ്കോളർഷിപ്പ് 2015-16 വർഷത്തെ പ്രോജക്ട് വിഹിതം | 1,29,600 | 20400 |
| | 1,00,000 | പെയിൻ & പാലിയേറ്റീവ് 2015-16 വർഷത്തെ പ്രോജക്ട് വിഹിതം | 99971 | 29 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ/ പ്രവൃത്തിയുടെ പേര് | തുക ₹ | ചെലവഴിച്ച തുക ₹ | ബിൽ നമ്പർ തീയ്യതി | റിമാർക്സ് |
|---|---|---|---|---|---|
| KSEB | 144/17 ചൊക്ലി ഗ്രാമ പഞ്ചായത്ത് സമ്പൂർണ്ണ വൈദ്യുതീകരണം | 1,95852 | 1,24,000 | 19/16-17 20-2-2017 | വിനിയോഗവിവരം ലഭ്യമായിട്ടില്ല |
| | 45/17തലശ്ശേരി പെരിങ്ങത്തൂർ റോഡിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ₹2,20,963 | ₹2,20,963 | 8/16-17 20-10-2016 | വിനിയോഗവിവരം ലഭ്യമായിട്ടില്ല |
| | 98/17 അംഗനവാടികൾക്ക് വൈദ്യുതി കണക്ഷൻ | ₹36,632 | ₹36,632 | 9/16-17 20-10-2016 | വിനിയോഗവിവരം ലഭ്യമായിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുള്ള സ്ഥിരനിക്ഷേപം | 687243 |
| തൻവർഷം നിക്ഷേപിച്ച തുക | 27914 |
| ആകെ | 715157 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 715157 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക ₹ |
|---|---|
| ചൊക്ലി സർവ്വീസ് കോ. ഓപ് ബാങ്ക്, ചൊക്ലി, FD No.1305/2010-11/1-7-2016 | 690157 |
| മലബാർ ടൂറിസം ഡവലപ്മെന്റ് കോ ഓപ് സൊസൈറ്റി ലിമിറ്റഡ്, കണ്ണൂർ സർട്ടിഫിക്കറ്റ് നമ്പർ 4429/28-4-15 | 20000 |
| കണ്ണൂർ സഹകരണ ആശുപത്രി സൊസൈറ്റി, കണ്ണൂർ, മെമ്പർ നമ്പർ 79 സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല | 5000 |
| ആകെ | 715157 |

₹690157 യുടെ സ്ഥിരനിക്ഷേപം 23-12-2016 ന് കാലാവധി പൂർത്തിയായെങ്കിലും 24-8-2017 വരെയും പുതുക്കിയിട്ടില്ല. സ്ഥിരനിക്ഷേപ രജിസ്റ്റർ 2013-14 വർഷം വരെ മാത്രമേ എഴുതിയിട്ടുള്ളൂ. സ്ഥിരനിക്ഷേപ രജിസ്റ്റർ കൃത്യമായി എഴുതിസൂക്ഷിക്കേണ്ടതും കാലാവധി പൂർത്തിയാകുമ്പോൾ പുതുക്കേണ്ടതുമാണ്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 58321713 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 35815098 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 3554 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 1083692 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 3-8 | ₹3554 | ശ്രീ. ദിലീഷ്. കെ, അസിസ്റ്റന്റ് എഞ്ചിനീയർ |

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 3-1 | ₹16500 | ശ്രീ. അപർണ്ണ. എസ്, കൃഷി ഓഫീസർ |

| | | |
|---|---|---|
| 3-2 | ₹3,65,100 | ശ്രീ. അപർണ്ണ. എസ്, കൃഷി ഓഫീസർ |
| 3-3 | ₹93500 | ഡോ. ചന്ദ്രശേഖരൻ, വെറ്ററിനറി സർജൻ |
| 3-4 | ₹75000 | ഡോ. ചന്ദ്രശേഖരൻ, വെറ്ററിനറി സർജൻ |
| 3-5 | ₹40000 | ഡോ. അമൃതകല. കെ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-6 | ₹493592 | ശ്രീ. എം. ശശി, സെക്രട്ടറി |
| ആകെ | 1083692 | |

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം. ശശി, സെക്രട്ടറി | റിട്ടേർഡ് | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്./കെ.എൻ.ആർ/സി.3/299 /2013(5)തീ.15-6-2013 | 7 |
| 1998-99 | എൽ.എഫ്./കെ.എൻ.ആർ/സി.3/299 /2013(6)തീ.15-6-2013 | 2 |
| 1999-00 | എൽ.എഫ്./കെ.എൻ.ആർ/സി.3/299 /2013(7)തീ.15-6-2013 | 10 |
| 2000-01 | എൽ.എഫ്./കെ.എൻ.ആർ/സി.3/299 /2013(8)തീ.15-6-2013 | 3 |
| 2001-02 | എൽ.എഫ്./കെ.എൻ.ആർ/സി.3/299 /2013(9)തീ.15-6-2013 | 1 |
| 2002-03 | എൽ.എഫ്./കെ.എൻ.ആർ/സി.3/299 /2013(10)തീ.15-6-2013 | 4 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്./കെ.എൻ.ആർ/സി.3/299 /2013(11)തീ.15-6-2013 | 15 |
| 2004-05 | എൽ.എഫ്./കെ.എൻ.ആർ/സി.3/299 /2013(12)തീ.15-6-2013 | 11 |
| 2005-06 | എൽ.എഫ്./കെ.എൻ.ആർ/സി.3/299 /2013(13)തീ.15-6-2013 | 13 |
| 2006-07 | എൽ.എഫ്./കെ.എൻ.ആർ/സി.3/299 /2013(14)തീ.15-6-2013 | 10 |
| 2007-08 | എൽ.എഫ്./കെ.എൻ.ആർ/സി.3/299 /2013(15)തീ.15-6-2013 | 18 |
| 2008-09 | എൽ.എഫ്./കെ.എൻ.ആർ/സി.3/34 /2012തീ.9-11-2012 | 17 |
| 2009-10 | എൽ.എഫ്./കെ.എൻ.ആർ/സി.3/1507 /2014തീ.10-10-2014 | 16 |
| 2010-11<br>2011-12 | എൽ.എഫ്./കെ.എൻ.ആർ/സി.3/299 /2013തീ.15-6-2013 | 15 |
| 2012-13 | എൽ.എഫ്./കെ.എൻ.ആർ/സി.3/979 /2015തീ.23-9-2015 | 25 |
| 2013-14<br>2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.3/1279 /2016തീ.23-7-2016 | 8 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.9/6872017തീ. 8-2-2017 | 16 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.-കെ.എൻ.ആർ/സി.9/1530/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാഓഡിറ്റ് കാര്യാലയം,കണ്ണൂർ
ഇ-മെയിൽ – doknr.ksad@kerala.gov.in
ഫോൺ – 04972-707698
തീയ്യതി – 19.09.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നിർവ്വഹിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചൊക്ലി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

APPENDIX - 1

AUDIT CERTIFICATE

No.KSA-KNR/C9/1530/2017

Kerala State Audit Department,
District Audit Office, Kannur,

Phone 04972-707698

E-Mail. doknr.ksad@kerala.gov.in

Date: 19.09.2017

Certified that I have audited the Annual Financial Statement of Chokli Gramapanchayath in KANNUR District for the year ended on 31.3. 2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Chokli Gramapanchayath for the year 2016-17 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR,

KERALA STATE AUDIT DEPARTMENT

## അനുബന്ധം 2

# RECEIPT AND PAYMENT STATEMENT OF CHOKLI GRAMA PANCHAYAT FOR THE PERIOD FROM

# 1-4-2016 TO 31-3-2017

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 21670929.99<br>60754 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1318770 |
| 140000000 | Fees & User Charges | RP-4 | 428252 |
| 150000000 | Sale & Hire Charges | RP-5 | 91274 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 9715788 |
| 171000000 | Interest Earned | RP-9 | 145228 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 21424327 |
| 350000000 | Other Liabilities | RP-36 | 221025 |
| 431000000 | Sundry Debtors (Receivables) | RP-43 | 96592 |
| Non operating | | | |
| 180000000 | Other Income | RP-10 | 260 |
| 340000000 | Earmarked Fund | RP-29 | 1153 |
| 350000000 | Deposits Received | RP-34 | 28100 |
| 431000000 | Other Liabilities | RP-36 | 248684 |
| 460000000 | Sundry Debtors (Receivables) | RP-43 | 4853894 |
| 460000000 | Loans,Advances and Deposits | RP-47 | 244529 |
| Grand Total | | | 60549559.99 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2898172 |
| 220000000 | Administrative Expenses | RP-12 | 867414 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | RP-13 | 509028 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 2457499 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 9185430 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 818490 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 283770 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 931732 |
| 255000000 | Maintance Projects | RP-20 | 3617447 |
| 260000000 | Grants, Contributions & Compensations from Own Fund | RP-22 | 27006 |
| 280000000 | Prior Perid Items | RP-26 | -1203521 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10086 |
| 350000000 | Othes Liabilities | RP-36 | 5757189 |
| Non Operating | | | |
| 240000000 | Interest and Finance Charges | RP-14 | 1550 |
| 350000000 | Other Liabilities | RP-36 | 2077120 |
| 410000000 | Fixed Assets | RP-38 | 3782832 |
| 412000000 | Capital Work in Progress | RP-40 | 3325355 |
| 460000000 | Loans, Advances and Deposits | RP-47 | 468499 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 24702923.99<br>31538 |
| Grand Total | | | 60549559.99 |

DEPUTY DIRECTOR

# അനുബന്ധം 3

# INCOME AND EXPENDITURE STATEMENT OF CHOKLI GRAMA PANCHAYAT FOR THE PERIOD FROM 1-4-2016 TO 31-3-2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4902151 |
| 130000000 | Rental Income from panchayat properties | I-3 | 3641 |
| 140000000 | Fees & User Charges | I-4(b) | 544602 |
| 150000000 | Sale & Hire Charges | I-5(b) | 92058 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 70372896 |
| 171000000 | Interest Earned | I-8 | 145228 |
| 180000000 | Other Income | I-9 | 260 |
| A | Total Income | | 76060836 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9495397 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | I-11(b) | 867414 |
| 230000000 | Operations & Maintenance | I-12(b) | 509028 |
| 240000000 | Interest & Finance Charges | I-13 | 1550 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 5310921 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 14647086 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 818490 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 283770 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 38874277 |
| 255000000 | Maintance Projects | I-14(e) | 3617447 |
| 260000000 | Grants, Contributions&Compemsations From Own Fund | I-15 | 27006 |
| B | Total Expenditure | | 74452386 |
| C=A-B | Gross Surplus / Defict Income over Expenditure | | 1608450 |
| D= 280000000 | Prior Period Item | I-18 | 2924776 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | -1316326 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

DEPUTY DIRECTOR

## അനുബന്ധം 4

# BALANCE SHEET OF CHOKLI GRAMA PANCHAYAT AS ON 31-3-2017

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 24751078.05 |
| 311000000 | Earmarked Funds | B-2 | 29683 |
| 312000000 | Reserves | B-3 | 40364428 |
| | Total Reserve & Surplus | | 65145189.05 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 7332553.49 |
| | Total Grants,Contribution for specific purposes | | 7332553.49 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 225968 |
| 350000000 | Other Liabilities | B-9 | 1120460.45 |
| | Total Current Liabilities and Provisions | | 1346428.45 |
| | TOTAL LIABILITIES | | 73824170.99 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 50923247 |
| 411000000 | Accumulated Depreciation | B-11 | -3803289 |

| | | | |
|---|---|---|---|
| 412000000 | Capital Work In Progress | B-11(a) | 253559 |
| | Total Fixed Assets | | 47373517 |
| | Investments | | |
| 420000000 | Investments | B-12 | 686243 |
| | Total Investments | | 686243 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 659239 |
| 450000000 | Cash and Bank balance | B-17 | 24734461.99 |
| 460000000 | Loans, Advances and Deposits | B-18 | 370710 |
| | Total Current Assets,Loans and Advances | | 25764410.99 |
| | TOTAL ASSETS | | 73824170.99 |

DEPUTY DIRECTOR